

വിശകലനം

# അന്താരാഷ്ട്ര ക്രിമിനൽ കോടതി ആഫ്രിക്കയെ മാത്രം വിചാരണ ചെയ്യാനുള്ളതോ?

**ഡോ. ഹംദി അബ്ദുർറഹ്മാൻ ഹസൻ**

**സുഡാൻ** പ്രസിഡന്റ് ഉമറുൽ ബഷീറിനെതിരെ അന്താരാഷ്ട്ര ക്രിമിനൽ കോടതി പുറപ്പെടുവിച്ച അറസ്റ്റ് വാറണ്ട്, ഈ കോടതിയുടെ നീതിബോധത്തെക്കുറിച്ചും അത് സ്ഥാപിച്ചതിനു പിന്നിലുള്ള ലക്ഷ്യത്തെക്കുറിച്ചും ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. അന്താരാഷ്ട്ര നീതിന്യായത്തിലെ ഒരു സുപ്രധാന വഴിത്തിരിവായി ചില മനുഷ്യാവകാശ സംഘടനകൾ ഇതിനെ കാണുന്നുണ്ട്. വൻശക്തികളുടെ അധീശാധിപത്യത്തിനുള്ള ഉപകരണം മാത്രമാണ് ഈ കോടതിയെന്നാണ് ഒരു വിഭാഗത്തിന്റെ അഭിപ്രായം. രാഷ്ട്രീയ ലക്ഷ്യങ്ങൾ മാത്രമാണ് അറസ്റ്റ് വാറണ്ടിന് പിന്നിൽ ഒളിഞ്ഞിരിക്കുന്നത്. ദുർബലരെയും ദരിദ്രരെയും വിചാരണ ചെയ്യാനുള്ളതാണ് ഈ കോടതി എന്നുവരെ രൂക്ഷമായി വിമർശിച്ചവരുണ്ട്.

വംശത്തിന്റെയോ വിശ്വാസത്തിന്റെയോ സാമൂഹിക ശ്രേണിയുടെയോ ഒക്കെ പേരിൽ വംശീയ ഉന്മൂലനം പോലുള്ള അതിക്രൂരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളെ വിചാരണ ചെയ്യാനായി 2002ൽ ആണ് അന്താരാഷ്ട്ര ക്രിമിനൽ കോടതി സ്ഥാപിതമായത്. ജനീവാ കരാറുകൾ ലംഘിക്കുന്ന തരത്തിലുള്ള യുദ്ധകുറ്റകൃത്യങ്ങളും മനുഷ്യത്വത്തിന് നേരെയുള്ള കൈയേറ്റങ്ങളും ഇതിൽ ഉൾപ്പെടും.



ഉമറുൽ ബഷീർ

ഏതെങ്കിലും ദേശീയ കോടതിയുടെ അധികാരപരിധിയിൽ വരാത്തതുകൊണ്ട് 'അവസാന അഭയം' ആയി ഈ കോടതി സങ്കൽപിക്കപ്പെടാറുണ്ട്. ഒരു രാജ്യത്തിനകത്ത് നടക്കുന്ന കുറ്റകൃത്യങ്ങൾ തടയാൻ ആ രാഷ്ട്രത്തിന്റെ അധികാരികൾ അശക്തരാവുകയോ താൽപര്യമെടുക്കാതിരിക്കുകയോ ചെയ്യുമ്പോൾ മാത്രമേ അന്താരാഷ്ട്ര കോടതിക്ക് ഇടപെടാൻ പാടുള്ളൂ. കോടതിയിൽ അംഗത്വമുള്ള രാജ്യങ്ങൾക്കോ അതിന്റെ പബ്ലിക്

**ദാർഫൂർ പ്രശ്നത്തെയും അതിൽ ഉമറുൽ ബഷീറിനുള്ള പങ്കിനെയും അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകൾ വല്ലാതെ പെരുപ്പിച്ച് കാണിക്കുന്നുണ്ട്. കോടതിയുടെ പബ്ലിക് പ്രോസിക്യൂട്ടർ ലൂയിസ് ഒക്കാമ്പോ ബഷീറിനെതിരെ കുറ്റപത്രം തയാറാക്കാൻ അവലംബിച്ചത് ഈ സംഘടനകളുടെ റിപ്പോർട്ടുകളായിരുന്നു.**

പ്രോസിക്യൂട്ടർക്കോ യു.എൻ രക്ഷാസമിതിക്കോ കേസുകൾ ഫയൽ ചെയ്യാവുന്നതാണ്. കോടതി രൂപവത്കരണത്തിന്റെ അടിസ്ഥാനമായി കണക്കാക്കപ്പെടുന്ന റോം നിയമസംഹിത (Rome Statute) അംഗീകരിച്ച നൂറിലധികം രാജ്യങ്ങൾ ഇതിൽ അംഗങ്ങളാണ്.

ഏറ്റവും അത്ഭുതപ്പെടുത്തുന്നത് അമേരിക്കയുടെ നിലപാടാണ്. ക്ലിന്റൺ പ്രസിഡന്റായിരിക്കുമ്പോൾ അമേരിക്ക ക്രിമിനൽ കോടതിയിൽ അംഗത്വമെടുത്തിരുന്നു. ബുഷ് പ്രസിഡന്റായതോടെ അംഗത്വം റദ്ദ് ചെയ്തു. ഇങ്ങനെയൊരു കോടതിയേ ഇല്ല എന്ന മട്ടിലായിരുന്നു ബുഷിന്റെ പെരുമാറ്റം. അമേരിക്കൻ പൗരന്മാർ വിചാരണ ചെയ്യപ്പെട്ടേക്കുമോ എന്ന ഭയത്താൽ കോടതിയെ അഗണ്യകോടിയിൽ തള്ളുന്ന നിലപാടാണ് ബുഷ് സ്വീകരിച്ചത്.

**അന്താരാഷ്ട്ര ക്രിമിനൽ കോടതി നവകൊളോണിയലിസത്തിന്റെ ചട്ടുകമാണെന്ന് ആഫ്രിക്കൻ രാഷ്ട്രങ്ങൾ ഇപ്പോൾ വല്ലാതെ ഭയപ്പെടുന്നുണ്ട്. കോടതിയുടെ പരിഗണനയിലുള്ള നാല് കേസുകളും ആഫ്രിക്കയിൽ നിന്നാണല്ലോ. ദാർഫൂറിലും ഉഗാണ്ടയിലും കോടതി നടത്തുന്ന ഇടപെടലുകൾ സമാധാനം പുനഃസ്ഥാപിക്കാൻ സഹായകമല്ലെന്നും വ്യക്തമായിക്കൊണ്ടിരിക്കുന്നു.**


അഹ്മദ് ഹാറൂൺ


അലി മുഹമ്മദ് കോശിബ്


ലൂയിസ് ഒക്കാമ്പോ

### ആഫ്രിക്ക ഒരു പരീക്ഷണശാല

അന്താരാഷ്ട്ര കോടതിയെ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുകയാണെന്ന്, ദാർഫൂർ പ്രശ്നം രക്ഷാസമിതിയിലേക്ക് കൈമാറേണ്ടതില്ല എന്ന 2005 മാർച്ചിലെ തീരുമാനത്തിൽനിന്ന് വ്യക്തമായിരുന്നു. ആ തീരുമാനമെടുക്കുമ്പോൾ അമേരിക്ക രക്ഷാസമിതിയിൽ വീറ്റോ പ്രയോഗിക്കുന്നതിനു പകരം വേട്ടെടുപ്പിൽനിന്ന് വിട്ടുനിൽക്കുകയായിരുന്നു. ആഫ്രിക്കക്കാരുടെ മേൽ മാത്രം പ്രയോഗിക്കാനുള്ളതാണ് അന്താരാഷ്ട്ര നീതിന്യായം എന്നു വ്യക്തമായി. അതുകൊണ്ടാണ് അമേരിക്കയുടെ പുതിയ ലോകക്രമത്തിന്റെ പരീക്ഷണശാലയാണ് ആഫ്രിക്കൻ ഭൂഖണ്ഡം എന്ന് ചിലർക്ക് പറയേണ്ടിവന്നത്.

നാല് കേസുകളാണ് ഇപ്പോൾ അന്താരാഷ്ട്ര ക്രിമിനൽ കോടതിയുടെ പരിഗണനയിലുള്ളത്.

ഒന്ന്, ഉഗാണ്ട. ജോർജ് കോനി ഉൾപ്പെടെയുള്ള അവിടത്തെ വിമത നേതാക്കൾക്കെതിരെ നാല് അറസ്റ്റ് വാറണ്ടുകളാണ് പുറപ്പെടുവിച്ചത്. ഇതിന്റെ ഫലമായി വടക്കൻ ഉഗാണ്ടയിൽ പൊരുതുന്ന ഗ്രൂപ്പുകൾ തമ്മിലുള്ള സമാധാന ചർച്ച നിർത്തിവെക്കേണ്ടിവന്നു. ഉഗാണ്ടയിൽ സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കാതിരിക്കാൻ ഇടങ്കോലിടുകയാണ് അന്താരാഷ്ട്ര ക്രിമിനൽ കോടതി എന്ന വിശ്വാസം ഇതോടെ ശക്തിപ്പെട്ടു.

രണ്ട്, കോംഗോ ഡമോക്രാറ്റിക് റിപ്പബ്ലിക്. ക്രിമിനൽ കോടതി ആവശ്യപ്പെട്ട പ്രകാരം കോംഗോ ഗവൺമെന്റ് തോമസ് ലുബംഗ എന്ന മിലീഷ്യാ നേതാവിനെ 2006 മാർച്ചിൽ കോടതിക്ക് കൈമാറി. വടക്കൻ കോംഗോയിൽ പതിനഞ്ച് വയസ്സിനു താഴെയുള്ള കുട്ടികളെ പടയാളികളായി ചേർത്ത് വിമത സേനയുണ്ടാക്കി എന്നതായിരുന്നു ലുബംഗക്കെതിരലുള്ള കുറ്റം. യുദ്ധ കുറ്റകൃത്യം, മനുഷ്യത്വത്തിനെതിരെയുള്ള അതിക്രമം എന്നീ പേരുകളിൽ മറ്റു രണ്ട് വിമത നേതാക്കൾക്കെതിരെയും കോടതി അറസ്റ്റ് വാറണ്ട് അയക്കുകയുണ്ടായി.

മൂന്ന്, ദാർഫൂർ. ചില ദേശസുരക്ഷാ വിദഗ്ധരുടെയും മനുഷ്യാവകാശ സംഘടനകളുടെയും നിർദേശം മാനിച്ച് 2005 മാർച്ചിൽ ദാർഫൂർ പ്രശ്നം യു.എൻ രക്ഷാസമിതിയിൽനിന്ന് അന്താരാഷ്ട്ര ക്രിമിനൽ കോടതിയിലേക്ക് മാറ്റുകയുണ്ടായി. 2007 മെയിൽ സുഡാൻ മനുഷ്യ വിഭവശേഷി കാര്യ മന്ത്രി അഹ്മദ് ഹാറൂനെയും ഗോത്ര നേതാക്കളിലൊരാളായ അലി മുഹമ്മദ് കോശിബിനെയും പിടികൂടാൻ കോടതി വാറണ്ട് അയച്ചു. കഴിഞ്ഞ ജൂലൈയിൽ കോടതി പബ്ലിക് പ്രോസിക്യൂട്ടർ ലൂയിസ് ഒക്കാമ്പോ മുമ്പെങ്ങും ഉന്നയിച്ചിട്ടില്ലാത്ത ഒരാവശ്യം മുന്നോട്ടുവെച്ചു. സുഡാൻ പ്രസിഡന്റ് ഉമറുൽ ബഷീറിനെ വിട്ടുകിട്ടണം. ഈ ആവശ്യത്തിനാണ് അറസ്റ്റ് വാറണ്ട് പ്രഖ്യാപിക്കുക വഴി കോടതി അംഗീകാരം നൽകിയിരിക്കുന്നത്. അത്യന്തം അപകടകരമായ ഒരു കീഴ്വഴക്കമാണ് ഇത് സൃഷ്ടിച്ചിരിക്കുന്നത്.

നാല്, മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്. കോംഗോ വിമോചന മുന്നണി എന്നറിയപ്പെടുന്ന സംഘടനയുടെ നേതാവ് ജാൻബീർ ബുംബാക്കെതിരെ 2008 മെയിൽ അറസ്റ്റ് വാറണ്ട് അയച്ചു. യുദ്ധക്കുറ്റങ്ങൾ, മനുഷ്യത്വത്തിനെതിരെയുള്ള അതിക്രമം എന്ന ലേബലുകളിലാണ് അറസ്റ്റ് വാറണ്ട്.

139 രാജ്യങ്ങളിൽ നിന്നായി വിവിധ കുറ്റകൃത്യങ്ങളിൽ നൂറുകണക്കിന് കേസുകൾ ക്രിമിനൽ കോടതിയിൽ എത്തിയിരുന്നുവെന്ന് നാം അറിയണം. കോടതിയുടെ പരിധിക്ക് പുറത്താണെന്ന് പറഞ്ഞ് അവ മിക്കതും തള്ളിപ്പോയി. അമേരിക്ക ഇറാഖിൽ നടത്തിയ യുദ്ധകുറ്റകൃത്യങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും ഇങ്ങനെ കോടതി തള്ളിക്കളഞ്ഞ കേസു

കളാണ്! അമേരിക്കൻ അധിനിവേശം എന്ന ഭീകരതക്ക് മതിയായ തെളിവല്ലേ അബൂഗുറൈബ് ജയിൽ? അധിനിവിഷ്ട ഫലസ്തീനിൽ ഇസ്രയേൽ നടത്തുന്ന നരമേധത്തിനും മനുഷ്യാവകാശ ലംഘനങ്ങൾക്കും നേരെ ഈ കോടതി കണ്ണ് മുറുക്കിയടക്കുകയും ചെയ്തു.

**നീതിന്യായത്തിന്റെ തിരോധാനം**

ഈവിധം അന്താരാഷ്ട്ര കോടതിയെ രാഷ്ട്രീയവത്കരിക്കുന്നത് ആഗോള വേദികളിൽ അരാജകത്വം പടർത്താനേ ഉപകരിക്കൂ. ലോക സമാധാനവും സുരക്ഷിതത്വവും അപകടത്തിലാവും. ഒരു രാഷ്ട്ര നേതാവിന്റെ മേൽ കൈവെക്കാൻ ധൈര്യപ്പെടുന്നതും രാഷ്ട്ര നേതൃത്വത്തോട് തീരെ ആദരവില്ലാതെ പെരുമാറുന്നതും പ്രച്ഛന്ന പാശ്ചാത്യ അധിനിവേശമായേ കാണാനൊക്കൂ.

ദാർഫൂർ പ്രശ്നത്തെയും അതിൽ ഉമറുൽ ബഷീറിനുള്ള പങ്കിനെയും അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകൾ വല്ലാതെ പെരുപ്പിച്ച് കാണിക്കുന്നുണ്ട്. കോടതിയുടെ പബ്ലിക് പ്രോസിക്യൂട്ടർ ലൂയിസ് ഒക്കാമ്പോ ബഷീറിനെതിരെ കുറ്റപത്രം തയാറാക്കാൻ അവലംബിച്ചത് ഈ സംഘടനകളുടെ റിപ്പോർട്ടുകളായിരുന്നു.

ഇനി ബാക്കിയാവുന്ന ചോദ്യം, ആഫ്രിക്കക്ക് ബഷീറിനെ രക്ഷിക്കാൻ സാധിക്കുമോ എന്നതാണ്. ലോക്കർബി വിമാന ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ലിബിയക്കുമേൽ അന്യായമായി അടിച്ചേൽപ്പിക്കപ്പെട്ട പാശ്ചാത്യ ഉപരോധത്തെ ചെറുക്കാൻ ആഫ്രിക്കക്ക് കഴിഞ്ഞിട്ടുണ്ട്. ദക്ഷിണാഫ്രിക്കയെ പോലുള്ള വലിയ രാജ്യങ്ങൾ ഉപരോധത്തെ തകർക്കാനുള്ള ഇഛാശക്തി പ്രകടിപ്പിക്കുകയുണ്ടായി. സുഡാന്റെ കാര്യത്തിൽ സ്ഥിതിഗതികൾ കുറേക്കൂടി അനുകൂലമാണ്. അന്താരാഷ്ട്ര ക്രിമിനൽ കോടതി നവകൊളോണിയലിസത്തിന്റെ ചട്ടുകമാണെന്ന് ആഫ്രിക്കൻ രാഷ്ട്രങ്ങൾ ഇപ്പോൾ വല്ലാതെ ഭയപ്പെടുന്നുണ്ട്. കോടതിയുടെ പരിഗണനയിലുള്ള നാല് കേസുകളും ആഫ്രിക്കയിൽ നിന്നാണല്ലോ. ദാർഫൂറിലും ഉഗാണ്ടയിലും കോടതി നടത്തുന്ന ഇടപെടലുകൾ സമാധാനം പുനഃസ്ഥാപിക്കാൻ സഹായകമല്ലെന്നും വ്യക്തമായിക്കൊണ്ടിരിക്കുന്നു. ദാർഫൂറിൽ ആഫ്രിക്കൻ യൂനിയൻ വിന്യസിച്ച സൈന്യങ്ങൾക്കും പുതിയ അറസ്റ്റ് വാറണ്ട് വിനയായിത്തീരുമെന്ന് അവർ ഭയക്കുന്നുണ്ട്. ആഫ്രിക്കൻ യൂനിയന്റെ അഭിപ്രായം ഒന്നിലധികം തവണ വ്യക്തമാക്കപ്പെട്ടു കഴിഞ്ഞു: ബഷീറിനെ അറസ്റ്റ് ചെയ്യുന്നത് സുഡാന്റെ സുരക്ഷക്കും സമാധാനത്തിനും ഒരിക്കലും സഹായകമാവില്ല.

ആഫ്രിക്കൻ രാഷ്ട്രങ്ങൾ കൂട്ടായി ശ്രമിച്ചാൽ ബഷീറിനെതിരെയുള്ള എല്ലാ നടപടികളും ഒരു വർഷത്തേക്ക് നിർത്തിവെപ്പിക്കാൻ കഴിയും. ആ നിലക്കുള്ള രാഷ്ട്രീയ നയതന്ത്ര ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. അമേരിക്കയും സഖ്യരാഷ്ട്രങ്ങളും ഇതിനെതിരെ തിരിയുകയാണെങ്കിൽ ആഫ്രിക്കൻ രാഷ്ട്രങ്ങൾ അന്താരാഷ്ട്ര ക്രിമിനൽ കോടതിയുമായി നിസ്സഹകരിക്കുകയോ അതിൽനിന്ന് കൂട്ടത്തോടെ രാജിവെക്കുകയോ ചെയ്തേക്കാം. ഇങ്ങനെ ചെയ്യണമെന്നാണ് സുഡാൻ ആവശ്യപ്പെട്ടിരിക്കുന്നത്. അറബികൾക്ക് കഴിയാതെ പോയത് ആഫ്രിക്കക്ക് നേടാനാവുമോ? ■

(കയ്റോ യൂനിവേഴ്സിറ്റിയിൽ രാഷ്ട്രമീമാംസാ വിഭാഗം പ്രഫസറാണ് ലേഖകൻ)